**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1273** **07-02-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട് അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ നിയോജക മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് ആർ.ബി.ഡി.സി.കെ. മുഖാന്തിരം നിർമ്മാണം നടത്തിവരുന്ന 'അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപാലം നിർമ്മാണം' എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്നത് സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ; | (എ) | അകത്തേത്തറ റെയിൽവേ മേൽപ്പാലത്തിന്റെ സ്ലാബിന്റെയും റീട്ടെയിനിംഗ് വാളിന്റെയും പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ആർ.ബി.ഡി.സി.കെ യുടെ നിർമ്മാണത്തിനു കീഴിൽ വരാത്ത റെയിൽവേ സ്പാനിന്റെ തൊട്ടടുത്തുള്ള സ്പാനുകൾ ഒഴികെയുള്ള പ്രവൃത്തികൾ എല്ലാം ഏപ്രിൽ അവസാനത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ റെയിൽവേ സ്പാനിന്റെ തൊട്ടടുത്തുള്ള സ്പാനുകൾ റെയിൽവേയുടെ സ്പാനുകളുടെ പ്രവൃത്തി പൂർത്തിയായതിനു ശേഷം മാത്രമേ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് റെയിൽവേ നേരിട്ട് ചെയ്യേണ്ട പ്രവൃത്തികൾക്കായി സംസ്ഥാന സർക്കാർ എത്ര തുകയാണ് റെയിൽവേയ്ക്ക് കൈമാറിയിട്ടുള്ളതെന്നും ഇത് വിനിയോഗിച്ച് റെയിൽവേ എന്തെല്ലാം പ്രവർത്തികളാണ് നടത്തേണ്ടത് എന്നും അറിയിക്കാമോ? | (ബി) | റെയിൽവേ നേരിട്ടു ചെയ്യുന്ന പ്രവൃത്തികൾക്കായി 11,81,80,499/- ( 11.82 Cr) രൂപ 06.09.2022 ന് ആർ.ബി.ഡി.സി.കെ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് റെയിൽവേ 3 സ്പാനുകളുടെ മുഴുവൻ പ്രവൃത്തികളുമാണ് നടത്തേണ്ടത്. |

സെക്ഷൻ ഓഫീസർ